**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1674** **11-10-2024 - ൽ മറുപടിയ്ക്ക്**

**റൂസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 'റൂസ' പദ്ധതിയുടെ പുതിയ ഘട്ടമായ 'പി.എം. ഉഷ' നടപ്പിലാക്കുന്നതിന് ഫോക്കസ് ജില്ലകൾ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | 1. കുറഞ്ഞ നിരക്കിലുള്ള ജെൻഡർ ഇക്വാലിറ്റി റേഷ്യോ,<br>2. എസ്.സി. ജനസംഖ്യാ അനുപാതം,<br>3. എസ്.ടി. ജനസംഖ്യാ അനുപാതം,<br>4. ഒ.ബി.സി. ജനസംഖ്യാ അനുപാതം,<br>5. ജെൻഡർ പാരിറ്റി ഇൻഡക്സ്,<br>6. സ്ത്രീ ജനസംഖ്യ അനുപാതം,<br>7. മൂന്നാം ലിംഗ ജനസംഖ്യ അനുപാതം,<br>8. അഭിലഷണീയമായ ജില്ല,<br>9. നക്സലിസ്റ്റ് ബാധിത ജില്ല,<br>10. അതിർത്തി പ്രദേശമുള്ള ജില്ല<br><br>എന്നിവയിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള 10 മാനദണ്ഡങ്ങളിൽ അനുയോജ്യമായവ സംസ്ഥാന സർക്കാർ തലത്തിൽ തീരുമാനിച്ച് ജില്ലകളെ തിരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഫോക്കസ് ജില്ലകളായി തിരഞ്ഞെടുക്കപ്പെട്ട ജില്ലകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | 1. കണ്ണൂർ<br>2. വയനാട്<br>3. മലപ്പുറം<br>4. പാലക്കാട്<br>5. തൃശ്ശൂർ<br>6. എറണാകുളം<br>7. തിരുവനന്തപുരം<br><br>എന്നീ ജില്ലകളാണ് ഫോക്കസ് ജില്ലകളായി തിരഞ്ഞെടുത്തിട്ടുള്ളത്. |
| (സി) | ഉന്നത വിദ്യാഭ്യാസ രംഗത്തും മറ്റുമുള്ള പിന്നാക്കാവസ്ഥ, ഭാഷ ന്യൂനപക്ഷ പ്രദേശം, അതിർത്തി ജില്ല എന്നിവ കണക്കിലെടുത്ത് കാസർകോട് ജില്ലയെ ഫോക്കസ് ജില്ലയായി പരിഗണിക്കുമോ; വിശദമാക്കാമോ? | (സി) | ഒരു സംസ്ഥാനത്തിന്റെ ജില്ലകളിൽ 50 ശതമാനം ജില്ലകൾ മാത്രമേ ഫോക്കസ് ജില്ലകളായി പ്രഖ്യാപിക്കാൻ PM USHA പദ്ധതിയുടെ മാർഗനിർദേശങ്ങളനുസരിച്ച് അനുവദിക്കുന്നുള്ളൂ. |

സെക്ഷൻ ഓഫീസർ